# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5141 | 27.06.2019 - ൽ മറുപടിക്ക്

## ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ പകർച്ച വ്യാധികൾ പടർന്ന് പിടിക്കാൻ സാധ്യതയുള്ള മൺസൂൺ സമയത്ത് നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ എൺപതോളം ഒഴിവുണ്ടായിട്ടും നിയമനം യഥാസമയത്ത് നടക്കുന്നില്ല എന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ), (ബി) & (സി) | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയാണ് നികത്തുന്നത്. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ മാർച്ച് ആദ്യവാരത്തോടെ 2019 ലെ പൊതുസ്ഥലംമാറ്റ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ടി തസ്തികയിൽ ജീവനക്കാരുടെ വിരമിക്കലിലൂടെ ഉണ്ടായ ഒഴിവുകളിലേയ്ക്ക് നിരവധി സ്ഥലംമാറ്റ അപേക്ഷകൾ ലഭ്യമായിരുന്നു. 2019 ലോക സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃക പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ ടി ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകാൻ സാധിച്ചിരുന്നില്ല. സ്ഥലംമാറ്റ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുന്നതിനും അതിനെ തുടർന്നുണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതുസംബന്ധിച്ച റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും നാളിതുവരെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (സി) | ഒരു ജീവനക്കാരന് കാലാനുസൃതമായി വരുന്ന പ്രൊമോഷന് അനുസൃതമായി അവരുടെ വെയർ എബൗട്ട് ചോദിച്ചു കൊണ്ട് ഡി.എച്ച്.എസ്. ൽ നിന്നും ഉത്തരവ് ഉണ്ടായിട്ടും അതിന് എല്ലാ ജില്ലകളിൽ നിന്നും മറുപടി ലഭിച്ചിട്ടും കൂടി അർഹതപ്പെട്ട പ്രൊമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | | |

Milan

സെക്ഷൻ ഓഫീസർ